# എരുമേലിയിലെത്തി പേട്ടതുള്ളി അഴുതയിൽ വിരിവച്ച്...



മധു നായർ ന്യൂയോർക്ക്

പതിന്നാലാം വയസിലാണ് കന്നി അയ്യപ്പനായി ഞാൻ ശബരിമലയിലെത്തിയത്. ഇപ്പോഴിതാ നാല്പത്തൊന്നു തവണ മലകയറി ക്വോട്ട പൂർത്തിയാക്കിയ മാനസികാവസ്ഥയിലാണ് ഞാൻ. മകരവിളക്ക് സീസണിലല്ലാതെ ശബരിമലയിൽ എത്തുന്നതിൽ ഞാൻ വിമുഖനാണ്. ഒരു തവണ സാക്ഷാൽ മകരവിളക്കുദിനത്തിൽ ലക്ഷങ്ങളിലൊരുവനായി സന്നിധാനത്തിൽ ഒരു ലോകമഹാ ഉത്സവത്തിന്റെ ലഹരിയുംപേറി തിമിർത്താടിയിട്ടുണ്ട്. കുംഭമേളകളിലും മെക്സിക്കോയിലെ ഗ്വാഡലപ്പേയിലെ പെരുനാളിലും ഇതോടൊപ്പമോ ഇതിൽ കൂടുതലോ ജനസമുദ്രങ്ങൾ ഞാൻ ദർശിച്ചിട്ടുണ്ട്. പക്ഷേ, ശബരിമല എന്റെ യാത്രാനുഭവങ്ങളിൽ വേറിട്ടുനിൽക്കുന്നു. അന്ധമായ അയ്യപ്പഭക്തിയല്ല ഇതിന്റെ പിന്നിലെ ചേതോവികാരം. ദൈവപദവിയിലേക്ക് ഉയർന്ന ഒരേയൊരു മലയാളിയാണല്ലോ സ്വാമി അയ്യപ്പൻ. ബാക്കിയെല്ലാ ദൈവങ്ങളും മലയാളക്കരയിലേക്ക് ഇറക്കുമതി ചെയ്യപ്പെട്ടതാണല്ലോ. തന്ത്രിക്കുപോലും അനുവാദമില്ലാതെ, ഇരുമുടിക്കെട്ടില്ലാതെ പതിനെട്ടാംപടി ചവിട്ടാൻ അധികാരമുള്ള പിതൃസ്ഥാനീയൻ പന്തളം രാജാവും വളർത്തുപുത്രനുമായുള്ള ഊഷ്മള സ്നേഹം ഐതീഹ്യങ്ങൾക്കപ്പുറത്ത് ദർശിക്കാനൊത്തത് രാജമാണിക്യം സിനിമ കണ്ടപ്പോഴാണ്.

ജമ്മുവിലെ വൈഷ്ണവദേവീ ക്ഷേത്രമാകണം ശബരിമലയ്ക്കൊരു വികസനമോഡൽ. ഈ ലേഖകൻ ഭാവനയിൽ കാണാത്ത വിധമായിരുന്നു അവിടെയെത്തിയപ്പോഴുള്ള അനുഭവങ്ങൾ. മലച്ചുവട്ടിലെ ചെറുനഗരിയായ ഖത്രിയിൽ ആയിരത്തിൽപ്പരം ചെറു ഹോട്ടലുകൾ മിതമായ നിരക്കിൽ സഞ്ചാരികൾക്ക് പാർപ്പിടം ലഭ്യമാക്കുന്നു. പതിനാറു കിലോമീറ്ററോളം നീളമുള്ള നടപ്പാത മേൽക്കൂരയോടെ വളരെ വൃത്തിയോടെ സൂക്ഷിച്ചിരിക്കുന്നു. ഇത്രദൂരം നടക്കുവാൻ ത്രാണിയില്ലാത്ത യാത്രികർക്കായി മിതമായ ചെലവിൽ ഹെലികോപ്ടർ ഉപയോഗിക്കാം. മലമുകളിൽ കൂറ്റൻ അമ്പലം പണിതിട്ടില്ല. ഗുഹാമുഖത്തിനകത്ത് കയറി ദേവീദർശനം ഏവർക്കും സാദ്ധ്യമാകത്തക്ക രീതിയിൽ ആധുനിക സാങ്കേതിക സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നു. നടപ്പാതയിൽ വേണ്ടുവോളം ശുദ്ധജലവിതരണവും ശൗചാലയങ്ങളും തീർത്തിരിക്കുന്നു. ഉത്തരേന്ത്യയിലെങ്ങും കാണാത്തവിധത്തിലുള്ള ശുചീകരണ പ്രവർത്തനങ്ങളാണ് വൈഷ്ണവദേവീ ക്ഷേത്ര പരിസരത്ത് നടക്കുന്നത്. വർഷത്തിലെ പന്ത്രണ്ടുമാസങ്ങളിലും തീർത്ഥാടകർ എത്തുന്നതിനാൽ വൈഷ്ണവദേവിയിലെ വരവ് ശബരിമലയേക്കാളും എത്രയോ മടങ്ങ് അധികമാണ്.




ശബരിമലയിലും ഈ മോഡൽ അനുകരിക്കപ്പെടണം. പമ്പാപരിസരങ്ങളിൽ അനവധി ഹോട്ടലുകളുണ്ടാകണം. അത് സാധിക്കണമെങ്കിൽ ശബരിമല ക്ഷേത്രം വർഷം മുഴുവനും തുറന്നുകൊടുക്കണം. ദേവപ്രശ്നം തുടങ്ങിയ മുടന്തൻ ന്യായങ്ങൾ അവഗണിച്ച് സ്ത്രീകളെ മലകയറുവാൻ അനുവദിക്കണം. ശബരിമലയിൽ സാധനങ്ങൾ എത്തിക്കുവാൻ കഴുതതന്നെ വേണമെന്നുള്ള ശാഠ്യവും യുക്തിക്ക് നിരക്കുന്നതല്ല. പഴനിയടക്കമുള്ള എത്രയോ മലമുകളിലെ ദൈവങ്ങൾക്കായി റോപ്പ് വേ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നു. ശബരിമലയിൽ ഇക്കാര്യം ദേവപ്രശ്നത്തിനു വിടുന്നത് മലകയറുവാൻ ആരോഗ്യം അനുവദിക്കാത്തവരോടുള്ള അനീതിയാണ്.

എരുമേലിയിലെത്തി പേട്ടതുള്ളി, അഴുതയിൽ വിരിവച്ച് കരിമലകയറി സന്നിധാനത്തിലെത്തിയ കാലം ഞാനോർക്കുന്നു. ചാലക്കയം റൂട്ട് ശരിയായതോടെ ശബരിമലയിലേക്കുള്ള ഭക്തജനപ്രവാഹം വൻതോതിൽ വർദ്ധിച്ചു. പമ്പയും പൂങ്കാവനവുമൊക്കെ മലമൂത്ര മാലിന്യമോക്ഷം കൈവരിച്ചിരിക്കുന്നു. കുടിവെള്ളം വേണ്ടുവോളം ഇപ്പോഴവിടെ ലഭ്യമാണ്. മരക്കൂട്ടങ്ങൾക്കിടയിൽനിന്ന് സന്നിധാനംവരെയുള്ള ചെളിപ്പാത കോൺക്രീറ്റാക്കിയിരിക്കുന്നു. അതിന്റെ പാർശ്വങ്ങളിൽ തീർത്തിരിക്കുന്ന മൂത്രപ്പുരകൾ ഗിന്നസ് ബുക്കിൽ സ്ഥാനംപിടിച്ചേക്കും. പബ്ളിക് ടോയ്‌ലറ്റ് എന്നവാക്കിന് പൂർണമാനം ലഭിക്കത്തക്കവിധത്തിൽ ഒരു മറയുമില്ലാതെയുള്ള ഈ സംവിധാനം ആരുടെ ഭാവനയാകുമോ എന്തോ?

അയ്യപ്പദർശനം കഴിഞ്ഞ് തോണിയിൽ നെയ്ത്തേങ്ങ ഉടച്ച് നേരെ പോവുക രണ്ടു രൂപയ്ക്ക് ലഭ്യമായിരുന്ന കട്ടച്ചോർ നിവേദ്യം കഴിക്കുവാനാണ്. ഇത്തവണ അത് ലഭിച്ചില്ല. ഈ പ്രസാദം സൗജന്യമാക്കിയതുകൊണ്ട് ആവശ്യക്കാർക്കൊക്കെ ലഭ്യമാക്കാനൊക്കുന്നില്ല. ശബരിമലയിലെ പരിഷ്കാരങ്ങൾ നടപ്പിലാക്കുമ്പോഴുള്ള സങ്കുചിത മനഃസ്ഥിതിയാണ് എനിക്ക് വിശന്നുകൊണ്ട് മലയിറങ്ങുവാനുള്ള ഗതികേടുണ്ടാക്കിയത്.